പാസ്സാകണമെന്ന നിബന്ധനയില്ല. എന്നാൽ നിയമനത്തിനുശേഷം ചെയിൻ സർവ്വേയിലും ഹയർ സർവ്വേയിലും പരിശീലനം നൽകി വരുന്നു.

"നെടുമങ്ങാട് അപ്പീൽ ആന്റ് ലാന്റ് കംപ്ലെയിൻസ് ഓഫീസ് തുറക്കാൻ നടപടി"

129 (1420)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിലെ റീസർവ്വേയിലെ അപാകത പരിഹരിക്കാൻ നെടുമങ്ങാട് അപ്പീൽ ആന്റ് ലാന്റ് കംപ്ലയിൻസ് ഓഫീസ് തുറക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് ഈ ഓഫീസ് തുറക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)ആവശ്യം പരിശോധിച്ചു വരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II. അടിയന്തിരപ്രമേയം

ബിനോയി എന്ന ബി.ഡി.എസ്. വിദ്യാർത്ഥിയെ തമ്പാനൂർ പോലീസ് സ്റ്റേഷനിൽ വച്ച് മർദ്ദിച്ചതായി പറയപ്പെടുന്ന സംഭവം

മി. സ്പീക്കർ : ഇത് നാലു ദിവസത്തിനു മുൻപു നടന്നതാണ്. പത്രങ്ങളിലൊക്കെ സ്ഥാനം പിടിക്കാൻ കുറച്ചു താമസം വന്നുപോയി. ഇന്നലെ കൊല്ലം സാമാജികൻ ശ്രീ. ബാബു ദിവാകരൻ ഈ വിഷയം സംബന്ധിച്ച് ഒരു സബ്മിഷൻ നൽകിയിട്ടുണ്ട്; ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ട്. തിരുവനന്തപുരത്ത് തമ്പാനൂർ ബസ് സ്റ്റാൻഡിൽനിന്നും ബിനോയി എന്ന ബി.ഡി.എസ്. വിദ്യാർത്ഥിയെ പിടിച്ചുകൊണ്ടുപോയി പോലീസ് ലോക്കപ്പിലിട്ടു മർദ്ദിച്ചതിന്റെ പേരിൽ സസ്പെൻഷനിലായ പോലീസുകാരുടെയും മറ്റുള്ളവരുടെയും പേരിൽ കേസ് ചാർജ്ജു ചെയ്ത് അറസ്റ്റ് ചെയ്യാത്തതിനെത്തുടർന്നുള്ള പ്രശ്നങ്ങൾ ചട്ടം 50 അനുസരിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ബി. വിജയകുമാർ, ശ്രീ. സി.ടി. അഹമ്മദ് അലി, ശ്രീ. തോമസ് ചാഴികാടൻ, ശ്രീ. ജോണി നെല്ലൂർ എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ഇതു മൂന്നു ദിവസം മുൻപു നടന്ന സംഭവമാണ്. കൊല്ലം കിളികൊല്ലൂർ ബിനു മന്ദിരത്തിൽ ബിനോയി എന്ന ബി.ഡി.എസ്. വിദ്യാർത്ഥി 29.2.2000, രാത്രി ഒൻപതു മണിക്കുശേഷം തമ്പാനൂർ ബസ് സ്റ്റാന്റിൽ പാർക്കു ചെയ്തിരുന്ന ബസ്സിലിരിക്കുകയായിരുന്നു. തമ്പാനൂർ പോലീസ് സ്റ്റേഷനിലെ കോൺസ്റ്റബിൾമാരായ സലാഹുദ്ദീൻ, രാജശേഖരൻ നായർ എന്നിവർ ബിനോയിയെ ബസ്സിൽവച്ച്

LIBRARY ARCHIVES Kerala Legislative Assembly